പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത് ചോദ്യം നമ്പർ: 1209 30.09.2016-ലെ മറുപടിക്ക്

## കരുനാഗപ്പള്ളി കെ.എസ്.ആർ.ടി.സി. ഡിപ്പോയ്ക്ക് കൂടുതൽ ബസുകൾ അനുവദിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. രാമചന്ദ്രൻ | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കരുനാഗപ്പള്ളി കെ.എസ്.ആർ. ടി.സി. ഡിപ്പോയിൽ ഓർഡിനറി ബസുകളുടെ കുറവു മൂലം പല ഷെഡ്യൂളുകളും മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത ഡിപ്പോയ്ക്ക് ആകെ എത്ര ബസുകളാണ് അനുവദിച്ചിട്ടുള്ളത്; എത്ര എണ്ണം പ്രവർത്തന ക്ഷമമാണെന്നും എത്ര ഷെഡ്യൂളുകൾ പ്രവർത്തിക്കുന്നുവെന്നും വ്യക്തമാക്കുമോ; | (ബി) | കരുനാഗപ്പള്ളി കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ 3 നോൺ എ.സി. ജൻറം ഉൾപ്പെടെ 95 ഷെഡ്യൂളുകളാണ് ഉള്ളത്. നിലവിൽ 3 ജൻറം ബസുകൾ ഉൾപ്പെടെ 85 ബസുകളാണുള്ളത്. നിലവിൽ 3 ജൻറം സർവ്വീസ്സുകൾ ഉൾപ്പെടെ 71 സർവ്വീസ്സുകൾ ശരാശരി ഓപ്പറേറ്റ് ചെയ്യുന്നുണ്ട്.<br>27-9-2016 ലെ കണക്കനുസരിച്ച് 9 ബസ്സുകൾ വിവിധ അറ്റകുറ്റപ്പണികൾക്കായി പിടിച്ചിട്ടുണ്ട്. 76 ബസ്സുകൾ പ്രവർത്തനക്ഷമമാണ്. |
| (സി) | കെ.യു.ആർ.ടി.സി. യുടെ എത്ര ലോ ഫ്ളോർ ബസുകൾ പ്രസ്തുത ഡിപ്പോയ്ക്ക് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) | കരുനാഗപ്പള്ളി കെ.എസ്.ആർ.ടി.സി. ഡിപ്പോയ്ക്ക് 3 ലോ ഫ്ളോർ ബസുകൾ അനുവദിച്ചിട്ടുണ്ട്. |
| (ഡി) | ഈ ഡിപ്പോയ്ക്ക് കൂടുതൽ ഓർഡിനറി ബസുകളും ലോ ഫ്ളോർ നോൺ എ.സി. ബസുകളും അനു | (ഡി) | കരുനാഗപ്പള്ളി ഡിപ്പോയിൽ 75 ഓർഡിനറി ഷെഡ്യൂളുകൾക്ക് 62 ബസുകളാണ് നിലവിലുള്ളത്. പുതിയ ബസുകൾ ഇറങ്ങുന്ന |

| | | | |
|---|---|---|---|
| | വദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ? | | മുറയ്ക്ക് കുറവുള്ള ബസുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. ജൻറം പദ്ധതി പ്രകാരം 5 നോൺ എ.സി ബസുകളാണ് കരുനാഗപ്പള്ളി ഡിപ്പോയ്ക്ക് അനുവദിക്കപ്പെട്ടിട്ടുള്ളത്. നിലവിൽ 3 ബസുകൾ നല്കിയിട്ടുണ്ട്. ബാക്കിയുള്ള 2 ബസുകൾ കൂടുതൽ ബസ്സുകൾ ലഭിക്കുന്ന മുറയ്ക്ക് അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ